പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2087 12.02.2013-ൽ മറുപടിയ്ക്ക്

ഗ്രീൻ ഫീൽഡ് സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വി.ഡി.സതീശൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രീൻ ഫീൽഡ് സ്റ്റേഡിയം നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) | അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ/ ക്രിക്കറ്റ് ഹരിത പ്രതല സ്റ്റേഡിയങ്ങളുടെ നിർമ്മിതികളാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതു കൂടാതെ വിവിധോദ്ദേശ്യ ഇൻഡോർ ഗെയിമുകളും സംഘടിപ്പിക്കുന്നതിനുള്ള സ്റ്റേഡിയങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ 35-ാമത് ദേശീയ ഗെയിംസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ കായിക രംഗത്തെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയാണ് ആവിഷ്ക്കരിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ? | (സി)<br>&<br>(ഡി) | കാര്യവട്ടത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ/ ക്രിക്കറ്റ് ഹരിത പ്രതല സ്റ്റേഡിയം, മുംബൈ ആസ്ഥാനമായ KSFL എന്ന കമ്പനി മുഖേന ആന്വിറ്റി പദ്ധതി പ്രകാരം നടപ്പാക്കാനുള്ള കരാർ ഒപ്പുവച്ച് പ്രവർത്തി |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | | |

പുരോഗമിക്കുന്നു.തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിന്റെയും, വട്ടിയൂർക്കാവ് ഇൻഡോർ സ്റ്റേഡിയത്തിന്റെയും, കോഴിക്കോട് ചേവായൂർ ഇൻഡോർ സ്റ്റേഡിയത്തിന്റെയും ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ